I ഇ.ബി. XIII-കേരള നിയമസഭ/XVI-5

# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2016 ഫെബ്രുവരി 11, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

**അടിയന്തരപ്രമേയം**

ടൈറ്റാനിയം കമ്പനിയിലെ അഴിമതിക്കേസ് അട്ടിമറിക്കൽ

മി. സ്പീക്കർ: ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിലെ 256 കോടി രൂപയുടെ നവീകരണ പദ്ധതിക്കരാറിലെ അഴിമതി കേസ്സിൽ ആരോപിതരായ 11 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യാൻ വിജിലൻസ് തയ്യാറാകാതിരിക്കുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട്

സർവ്വശ്രീ എളമരം കരീം, വി. എസ്. സുനിൽകുമാർ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് കമ്പനിയിൽ ആസിഡ് റിക്കവറി പ്ലാന്റ്, ന്യൂട്രലൈസേഷൻ പ്ലാന്റ് എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സെബാസ്റ്റ്യൻ ജോർജ്, കണ്ണൂർ സമർപ്പിച്ച പരാതിയിൻമേൽ വിജിലൻസ് അന്വേഷണം നടത്തുന്നതിന് 16.10.2006-ൽ സംസ്ഥാന സർക്കാരും സുനിൽകുമാർ, പാറ്റൂർ തിരുവനന്തപുരം വിജിലൻസ് കോടതിയിൽ നൽകിയ പരാതിയിന്മേൽ പ്രാഥമിക അന്വേഷണം നടത്താൻ കോടതിയും ഉത്തരവിട്ടു. ഈ രണ്ട് പരാതികളിലും മന്ത്രിമാരാരും പ്രതിസ്ഥാനത്തുണ്ടായിരുന്നില്ല. 5 വർഷത്തിനുശേഷം ജയൻ എന്നയാൾ എന്നെയും മറ്റ് മന്ത്രിമാരെയും ഉൾപ്പെടുത്തി നൽകിയ പരാതിയിന്മേൽ പ്രത്യേക ഉത്തരവൊന്നും നൽകാതെ എന്തെങ്കിലും തെളിവുകളുണ്ടെങ്കിൽ അന്വേഷണത്തിനായി നൽകാവുന്നതാണെന്ന് പറഞ്ഞ് വിജിലൻസ് കോടതി കേസ് ഡിസ്പോസ് ചെയ്തു. 28.08.2014-ൽ ഇതുമായി ബന്ധപ്പെട്ട എല്ലാ പരാതികളിന്മേലും കേസ് രജിസ്റ്റർ ചെയ്യാൻ തിരുവനന്തപുരം

വിജിലൻസ് കോടതി ഉത്തരവായി. ഇതിനെതിരെ രണ്ട് റിട്ട് പെറ്റീഷനുകൾ ഹൈക്കോടതിയിൽ ഫയൽ ചെയ്തുവെങ്കിലും ആദ്യ പരാതിയിൽ കേസ് രജിസ്റ്റർ ചെയ്യണമെന്ന ഹൈക്കോടതി നിർദ്ദേശത്തെത്തുടർന്ന് തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1 കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരവെ മറ്റൊരു ഉത്തരവിന്റെ അടിസ്ഥാനത്തിൽ അന്വേഷണം തൽക്കാലം നിർത്തിവച്ചു. 19.01.2016-ൽ കോടതി പ്രസ്തുത ഉത്തരവ് അസ്ഥിരപ്പെടുത്തുകയും അന്വേഷണം നടത്താൻ അനുമതി നൽകുകയും ചെയ്തു. ഇതിനെതിരെ ഹൈക്കോടതിയെ സമീപിച്ച സന്തോഷ്കുമാർ എന്ന വ്യക്തിക്ക് ഹൈക്കോടതി സ്റ്റേ നിലനിർത്തികൊടുത്തിട്ടുണ്ട്. ഈ കേസ്സിൽ മുഖ്യമന്ത്രിയുടെയോ മന്ത്രിമാരുടെയോ എന്റെയോ പേര് പ്രതിസ്ഥാനത്തില്ല എന്ന കാര്യം വ്യക്തമാക്കുകയാണ്.

<u>ശ്രീ. എളമരം കരീം</u>: ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിലെ മാലിന്യ നിർമ്മാർജ്ജന കരാറുമായി ബന്ധപ്പെട്ട മൂന്ന് പരാതികളിന്മേലും എഫ്.ഐ.ആർ. തയ്യാറാക്കി കേസെടുത്ത് അന്വേഷണം നടത്തി നാല് മാസത്തിലൊരിക്കൽ അന്വേഷണ പുരോഗതി റിപ്പോർട്ട് ചെയ്യണമെന്ന വിജിലൻസ് കോടതി വിധി

നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കണം. കമ്പനികളുടെ ക്രെഡിബിലിറ്റിയെ സംബന്ധിച്ച് യാതൊരുവിധ അന്വേഷണവും നടത്താതെ കരാർ നൽകുകയും 72 കോടി രൂപയുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് നൽകുകയും ചെയ്തതിനെത്തുടർന്ന് കരാറിലേർപ്പെട്ട കമ്പനികൾ 62 കോടി രൂപ പിൻവലിച്ചു. ടെണ്ടർ സ്റ്റേജിൽ ക്വട്ടേഷൻ സമർപ്പിക്കാത്ത കമ്പനിയെ പിന്നീട് കരാറിൽ തിരുകിക്കയറ്റുകയാണ് ചെയ്തത്. അന്വേഷണം ശരിയായ രീതിയിൽ നടക്കാത്ത സാഹചര്യത്തിൽ ജയൻ നൽകിയ പരാതി വിജിലൻസ് കോടതി പരിശോധിക്കുകയും നിലവിൽ നടന്നുവരുന്ന കേസുമായി ബന്ധപ്പെട്ട് തെളിവുകളുണ്ടെങ്കിൽ നൽകാവുന്നതാണെന്നും അന്വേഷണം തൃപ്തികരമാകുന്നില്ലെങ്കിൽ വീണ്ടും കോടതിയെ സമീപിക്കാവുന്നതാണെന്നും ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാൾ വീണ്ടും കോടതിയെ സമീപിച്ചു. ടി.ടി.പി.-യിൽ നടപ്പാക്കാൻ തീരുമാനിച്ച പ്രോജക്ട് ആവശ്യമായിരുന്നുവെന്നും യാതൊരുവിധ അഴിമതിയും നടന്നിട്ടില്ലെന്നുമാണ് വിജിലൻസ് അന്വേഷണത്തിലെ കണ്ടെത്തലുകൾ. ആരോപണവിധേയരായ മന്ത്രിമാരും ഉദ്യോഗസ്ഥരും പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ടിന്റെ പരിധിയിൽ വരുന്നവരാണെന്നും കേസ്

രജിസ്റ്റർ ചെയ്യണമെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും സർക്കാരിനുവേണ്ടി ഹാജരായ നിയമവിദഗ്ദ്ധർ വിജിലൻസ് കോടതിയിൽ വാദിച്ചു. മുഖ്യമന്ത്രിയുൾപ്പെടെയുള്ളവരെ പ്രതി ചേർത്ത് അന്വേഷണം നടത്തുന്നതിന് നിയമ തടസ്സമില്ലെന്നും മൂന്ന് പെറ്റീഷനുകളിലും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണമെന്നും വിജിലൻസ് കോടതി വിധിച്ചു. വിജിലൻസ് കോടതി വിധി നടപ്പാക്കുന്നില്ലെന്ന കാര്യം കോടതിയിൽ പരാതിപ്പെട്ടപ്പോഴാണ് ഹൈക്കോടതി സ്റ്റേയുണ്ടെന്ന വിശദീകരണം വിജിലൻസിന്റെ ഭാഗത്തുനിന്നും ഉണ്ടായത്. ഒരു പരാതിക്കാരനൊഴിച്ച് മറ്റൊരു കക്ഷിക്കും സ്റ്റേ ബാധകമല്ലെന്നും അവരുടെ പേരിൽ നടപടി തുടരാവുന്നതാണെന്നും ഹൈക്കോടതി വിധി പ്രസ്താവിച്ച സാഹചര്യത്തിൽ പുതിയ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് കോടതിയിൽ സമർപ്പിക്കാൻ വിജിലൻസിന് കഴിഞ്ഞില്ല എന്നത് പ്രതിഷേധാർഹമാണ്. ഈ കേസിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>):

സെബാസ്റ്റ്യൻ ജോർജ്, സുനിൽ കുമാർ എന്നിവരുടെ പരാതികളിൽ മുഖ്യമന്ത്രിയെയോ മറ്റ് മന്ത്രിമാരെക്കുറിച്ചോ യാതൊരു പരാമർശവുമില്ല. 2006-ൽ നടന്ന കേസിൽ അഞ്ച് വർഷത്തിനുശേഷം ജയൻ എന്ന വ്യക്തി കൊടുത്ത പരാതിയിൽ അന്നത്തെ മുഖ്യമന്ത്രിയെയും വ്യവസായ വകുപ്പുമന്ത്രിയെയും എന്നേയും ഉൾപ്പെടുത്തിയിരുന്നു. മൂന്ന് പരാതികളിന്മേലും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണമെന്ന വിജിലൻസ് കോടതി ഉത്തരവിനെതിരെ ഹൈക്കോടതിയിൽ പോയപ്പോൾ കീഴ്ക്കോടതി ഡിസ്പോസ് ചെയ്ത ഒരു കേസ് വീണ്ടും രജിസ്റ്റർ ചെയ്യുണമെങ്കിൽ അന്വേഷണത്തിലൂടെ കണ്ടെത്തുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ മാത്രമേ ആകാവൂ എന്നാണ് വിധി വന്നത്. പുതിയ ഉത്തരവനുസരിച്ച് മാർച്ച് മാസത്തിനുള്ളിൽ പ്രോഗ്രസ്സ് റിപ്പോർട്ട് തിരുവനന്തപുരം വിജിലൻസ് കോടതിയിൽ സമർപ്പിക്കുന്നതാണ്. ഈ കേസിൽ നീതിപൂർവ്വവും നിഷ്പക്ഷവുമായിട്ടാണ് വിജിലൻസ് പ്രവർത്തിച്ചിട്ടുള്ളത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിലെ മലിനീകരണ നിയന്ത്രണ പ്ലാന്റിന് 09.04.2010-ൽ തറക്കല്ലിട്ടത് അന്നത്തെ

വ്യവസായ വകുപ്പമന്ത്രി ശ്രീ. എളമരം കരിമാണ്. മലിനീകരണ പ്രശ്നവുമായി ബന്ധപ്പെട്ട് ട്രാവൻകൂർ ടൈറ്റാനിയം കമ്പനി അടച്ചുപൂട്ടാനുള്ള നോട്ടീസ് ലഭിച്ചപ്പോൾ അവിടത്തെ തൊഴിലാളി സംഘടനകളുടെ അഭ്യർത്ഥന പ്രകാരം ആവശ്യമായ ചർച്ചകൾ നടത്തുകയും പ്രത്യേകമായി മലിനീകരണ നിയന്ത്രണ പ്ലാന്റുകൾ നിർമ്മിക്കാമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ കമ്പനിക്കെതിരെയുള്ള നോട്ടീസുകൾ പിൻവലിക്കുകയും ചെയ്തു. ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിലെ നവീകരണ പദ്ധതി കരാറിലെ അഴിമതി സംബന്ധിച്ച് 06.06.2006-ൽ പരാതി ലഭിച്ചിട്ട് യാതൊരു നടപടിയും സ്വീകരിക്കാതെ ടി പ്ലാന്റിന് തറക്കല്ലിടുകയും ഫണ്ട് അനുവദിക്കുകയും ചെയ്ത ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ് ഇത്തരമൊരു ആക്ഷേപം ഉന്നയിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ നടത്തിയ വാക്കൗട്ട് പ്രസംഗമദ്ധ്യേ ശ്രീ. കെ. മുരളീധരനെ സംബന്ധിച്ച് നടത്തിയ പരാമർശത്തിനെതിരെ ഭരണപക്ഷാംഗങ്ങൾ ബഹളം വച്ച് പ്രതിപക്ഷ നേതാവിന്റെ

പ്രസംഗം തടസ്സപ്പെടുത്താൻ ശ്രമിച്ചതിനെത്തുടർന്ന് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിന് മുന്നിലെത്തി മുദ്രാവാക്യം വിളിക്കുകയും തുടർന്ന് ബഹുമാനപ്പെട്ട സ്പീക്കർ രാവിലെ 10.41-ന് സഭ അല്പസമയത്തേയ്ക്ക് നിർത്തിവയ്ക്കുകയും ചെയ്തു).

(രാവിലെ 10.41-ന് നിർത്തിവച്ച സഭാ നടപടികൾ 11.23-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ പുനരാരംഭിച്ചു)

മി. സ്പീക്കർ: അടിയന്തരപ്രമേയ വിഷയത്തിലൊതുങ്ങി നിന്ന് വാക്കൗട്ട് പ്രസംഗം നടത്തേണ്ടതാണ്.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്യുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അല്പസമയം കഴിഞ്ഞ് തിരിച്ചുവന്ന് തുടർന്നുള്ള സഭാ നടപടികളോട് സഹകരിക്കാൻ തയ്യാറല്ല എന്ന് പ്രതിപക്ഷ നേതാവ് അറിയിക്കുകയും പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ ബഹിഷ്കരിച്ച് പുറത്തുപോകുകയും ചെയ്തു. )

**ശ്രദ്ധക്ഷണിക്കൽ**

റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിന് നടപടികൾ

ശ്രീ. തോമസ് ഉണ്ണിയാടൻ: സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ നിയന്ത്രിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ട്രാഫിക് നിയമങ്ങൾ കർശനമായി പാലിക്കുന്നതിന് ഡ്രൈവർമാർക്ക് പരിശീലനം നൽകണം. ലൈസൻസ് നൽകുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതോടൊപ്പം മദ്യപിച്ച് വാഹനം ഓടിക്കുന്നവരുടെ ലൈസൻസ് റദ്ദ് ചെയ്യാനുള്ള നടപടിയും സ്വീകരിക്കണം. ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനുള്ള പ്രായപരിധി വർദ്ധിപ്പിക്കണം. നിരത്തുകളിൽ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണം. പൊതുജനങ്ങൾക്കും ഡ്രൈവർമാർക്കും പ്രയോജനപ്രദമാകുന്ന തരത്തിലുള്ള റോഡ് സുരക്ഷാ അവലോകന പദ്ധതികൾ നടപ്പിലാക്കണം. കുട്ടികളിൽ റോഡ് സുരക്ഷാ അവബോധം വളർത്തിയെടുക്കുന്നതിന് റോഡ് സുരക്ഷ പാഠ്യവിഷയത്തിൽ ഉൾപ്പെടുത്തണം. റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തര വൈദ്യസഹായം എത്തിക്കുന്നതിന് ദേശീയ-സംസ്ഥാന പാതകൾക്കുസമീപം ജില്ലാ-താലൂക്കടിസ്ഥാനത്തിൽ ട്രോമാകെയർ സെന്ററുകളുൾപ്പെടെയുള്ള ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തണം. വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ

നിയന്ത്രിക്കുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് അവലോകന യോഗങ്ങൾ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): വാഹനപ്പെരുപ്പം, മദ്യപിച്ച് വാഹനം ഓടിക്കൽ, അശ്രദ്ധയോടുകൂടിയ ഡ്രൈവിംഗ്, വാഹനങ്ങളുടെ ഫിറ്റ്നസ്സില്ലായ്മ തുടങ്ങിയവയാണ് വാഹനാപകടങ്ങൾ വർദ്ധിക്കുന്നതിന് കാരണമായ ഘടകങ്ങൾ. അമിത വേഗത നിയന്ത്രിക്കുന്നതിന് വാഹനങ്ങളിൽ സ്പീഡ് ഗവേർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ച് വാഹന പരിശോധന നടത്തുന്നുണ്ട്. മദ്യപിച്ചും അമിത വേഗതയിലും വാഹനം ഓടിക്കുന്നവരുടെ ലൈസൻസുകൾ കണ്ടുകെട്ടുക, സസ്പെന്റ് ചെയ്യുക, പിഴ ഈടാക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. സ്പീഡ് ട്രേസറുകൾ, അത്യാധുനിക റഡാർ, ഇന്റർസെപ്റ്ററുകൾ എന്നിവ ഉപയോഗിച്ച് വാഹനങ്ങളുടെ അമിത വേഗത കണ്ടുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റോഡപകടങ്ങൾ പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ 'ശുഭയാത്ര 2015' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് അവലോകന യോഗം നടത്തുന്നതിനും എല്ലാ മാസവും കമ്മിറ്റികൾ കൂടുന്നതിനും നിർദ്ദേശം നൽകുന്നതാണ്.

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നതിനായി നോട്ടീസ് നൽകിയിരുന്ന ശ്രീ. എ. കെ. ബാലൻ സീറ്റിൽ ഇല്ലാതിരുന്നതിനാൽ അവതരിപ്പിച്ചില്ല.)

**സബ്മിഷൻ**

(1) എ.ആർ. ക്യാമ്പ് പുനഃസ്ഥാപിക്കലും എയ്ഡ്പോസ്റ്റ് ആരംഭിക്കലും

ശ്രീ. ആർ. സെൽവരാജ്: നെയ്യാറ്റിൻകരയിലെ എ.ആർ. ക്യാമ്പ് പുനഃസ്ഥാപിക്കുന്നതിനും അതിയന്നൂർ പഞ്ചായത്തിൽ പോലീസ് എയ്ഡ് പോസ്റ്റ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പുളിങ്കുടിയിൽ പ്രവർത്തിക്കുന്ന എ.ആർ. ക്യാമ്പിൽനിന്നും റൂറൽജില്ലയിലെ മറ്റ് സബ്ഡിവിഷനുകളിലേയ്ക്ക് എത്തിച്ചേരുന്നതിനായി പുളിങ്കുടി ക്യാമ്പിലെ രണ്ട് പ്ലാറ്റൂൺ സേനാംഗങ്ങളെ നെയ്യാറ്റിൻകരയിൽ ഡിറ്റാച്ച്മെന്റ് ക്യാമ്പായി ഷിഫ്റ്റ് ചെയ്യുന്നതിനും ശേഷിക്കുന്ന മുഴുവൻ സേനാംഗങ്ങളേയും മൂന്ന് സബ്ഡിവിഷനുകളിലും എത്തിച്ചേരാൻ കഴിയുംവിധം മേനംകുളത്തേക്ക് ഷിഫ്റ്റ് ചെയ്യുന്നതിനും അനുമതി തേടിക്കൊണ്ട് പ്രൊപ്പോസൽ ലഭിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പുളിങ്കുടിയിലെ എ.ആർ. ക്യാമ്പിൽനിന്നും രണ്ട് പ്ലാറ്റൂണുകൾ വേർപ്പെടുത്തി നെയ്യാറ്റിൻകരയിൽ ഡിറ്റാച്ച്മെന്റ് ക്യാമ്പ് സ്ഥാപിക്കുന്നതിന്

അനുമതി നൽകുകയുണ്ടായി. അതിയന്നൂർ പഞ്ചായത്തിൽ ഒരു പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

(2) വാഹനാപകടം ഒഴിവാക്കുന്നതിന് നടപടി

ശ്രീ. ടി. എൻ. പ്രതാപൻ: കൊടുങ്ങല്ലൂർ ബൈപ്പാസിലെ റോഡപകടങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ഉന്നതതല സമിതിയെ നിയോഗിക്കുന്നതിനും റോഡപകടങ്ങൾ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിൽ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് റഡാർ സർവെയ്ലൻസ് സിസ്റ്റം ഉപയോഗിച്ച് അമിത വേഗവും ചുവപ്പ് ലൈറ്റ് ലംഘനവും കണ്ടുപിടിക്കുന്നുണ്ട്. പ്രസ്തുത സ്ഥലം സന്ദർശിച്ച ട്രാൻസ്പോർട്ട് കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചാലുടൻ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. റോഡ് സുരക്ഷാ ഫണ്ടിൽ നിന്ന് അനുവദിച്ച 33,40,234 രൂപ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനും റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കുംവേണ്ടി വിനിയോഗിക്കുന്നതാണ്. ഉന്നതതല സമിതിയെ നിയോഗിച്ച് പഠനം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(3) <u>സൗജന്യ കൊളോസ്റ്റമി കിറ്റ് വിതരണം</u>

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: വൻകുടലിൽ ക്യാൻസർ രോഗം ബാധിച്ചവർക്ക് സൗജന്യമായി കൊളോസ്റ്റമി കിറ്റുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>): കൊളോസ്റ്റമി കിറ്റിനുള്ള സാമ്പത്തിക സഹായം കാരുണ്യ ബെനവലന്റ് ഫണ്ടുവഴി ഇപ്പോൾ നൽകുന്നുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്ക് സൗജന്യമായി കൊളോസ്റ്റമി കിറ്റ് നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(4) <u>സ്റ്റാഫ് നഴ്സുമാരുടെ നിയമനം</u>

<u>ശ്രീ. എ. റ്റി. ജോർജ്</u>: പി.എസ്.സി. റാങ്ക് ലിസ്റ്റിലുൾപ്പെട്ടതും 2016-ൽ കാലാവധി അവസാനിക്കുന്നതുമായ സ്റ്റാഫ് നേഴ്സ് ഗ്രേഡ്- II തസ്തികയിലെ മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>): 1961-ലെ സ്റ്റാഫ് പാറ്റേൺ നിലവിലുള്ള ഐ.പി. വിഭാഗം പ്രവർത്തിക്കുന്ന ആശുപത്രികളിൽ നഴ്സുമാരുടെ എണ്ണം 1:10 എന്ന അനുപാതത്തിലാണ്. ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത്

ഡോക്ടർമാരുടേതുൾപ്പെടെ അയ്യായിരത്തോളം തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ഇതുകൂടാതെ ഡി.എച്ച്.എസ്- ൽ 874-ഉം ഡി.എം.ഇ.-യിൽ 350-ഉം നഴ്സുമാരുടെ അധിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ നിലവിലുള്ള സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നും 16.1.2016 വരെ 166 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. 24 ഒഴിവുകൾ ഉടനെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. ഒഴിവുകൾ വരുന്ന മുറയ്ക്ക് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

(1) കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ, കാർഷിക വിവരവും വിനിമയവും, കാർഷിക സേവന കേന്ദ്രങ്ങളും സേവന വിതരണവും, മണ്ണ് സംരക്ഷണ പദ്ധതികൾ, മണ്ണ് പര്യവേഷണം എന്നീ വിഷയങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) നെല്ല് വികസനം, ജൈവ പച്ചക്കറി കൃഷി, ഹൈടെക്ക് അഗ്രിക്കൾച്ചർ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, വിള ആരോഗ്യ പരിപാലനം, നിറവ്-കാർഷിക

വികസനത്തിനുള്ള സമഗ്ര പദ്ധതി എന്നീ വിഷയങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച**

ശ്രീ. സി. പി. മുഹമ്മദ്: നന്ദിപ്രമേയത്തെ പിന്താങ്ങുന്നു. വികസനവും കരുതലുമെന്ന മുഖമുദ്രയെ അന്വർത്ഥമാക്കുംവിധം വികസനരംഗത്ത് വൻകുതിച്ചുചാട്ടമാണ് ഈ സർക്കാരിന്റെ കാലത്തുണ്ടായിരിക്കുന്നത്. സ്മാർട്ട് സിറ്റി, മെട്രോ റെയിൽ, കണ്ണൂർ എയർപോർട്ട്, വിഴിഞ്ഞം പ്രോജക്ട് എന്നിവ വിജയകരമായി നടപ്പിലാക്കിയതോടൊപ്പം യു.എൻ അവാർഡ്, വെബ് രത്ന അവാർഡ്, ഐ.ബി.എൻ. സെവൻ ഡയമണ്ട് അവാർഡ്, സ്റ്റേറ്റ് ഓഫ് ദി സ്റ്റേറ്റ്സ്, ഇന്ത്യാ ടുഡെ അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ നേടുന്നതിന് സംസ്ഥാനത്തിന് കഴിഞ്ഞു. ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനം എന്ന പദവിക്കും കേരളം അർഹത നേടി. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ഒരു രൂപ നിരക്കിൽ 35 കിലോ അരിയും ദുരിതാശ്വാസനിധി മുഖേന 710 കോടി രൂപയും കാരുണ്യ ബെനവലന്റ് ഫണ്ടുവഴി 1200 കോടി രൂപയും സൗജന്യമായി

നിരവധി മരുന്നുകളും നൽകിയത് സ്വാഗതാർഹമാണ്. 12 താലൂക്കുകൾ, 5 മെഡിക്കൽ കോളജുകൾ, 21 സർക്കാർ കോളേജുകൾ, പട്ടികജാതി മെഡിക്കൽ കോളേജ്, അദ്ധ്യാപക പാക്കേജ്, മലയാളം യൂണിവേഴ്സിറ്റി മുതലായവ നടപ്പിലാക്കിയത് യു.ഡി.എഫ് സർക്കാരിന്റെ നേട്ടങ്ങളാണ്.

ശ്രീ. കെ.എം. മാണി: 2015-16 സാമ്പത്തിക വർഷം വരുമാനത്തിലും വികസന ചെലവിലും വർദ്ധനവുണ്ടായത് സ്വാഗതാർഹമാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലം സംസ്ഥാനത്ത് സാമൂഹ്യ വികസനത്തിന്റെ വളർച്ച പരമാവധി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കണ്ണൂർ എയർപോർട്ട്, എറണാകുളം സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ റെയിൽ, 5 മെഡിക്കൽ കോളേജുകൾ, 2 ഡെന്റൽ കോളേജുകൾ എന്നിവ പ്രാവർത്തികമാക്കി. ട്രഷറി നിയന്ത്രണം ഒഴിവാക്കിയതും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ കേരളത്തെ ഇന്ത്യയിൽ ഒന്നാം സ്ഥാനത്തെത്തിച്ചതും അഭിമാനാർഹമാണ്. 8225 കോടി രൂപയുടെ നിക്ഷേപം കൈവരിക്കുന്നതിനും 2.23 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. 100 ദിന പദ്ധതിയുടെ ഭാഗമായി പ്രഖ്യാപിച്ച 107

പരിപാടികളിൽ 102 എണ്ണവും 100 ദിവസത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിഞ്ഞു. 'കാരുണ്യ പദ്ധതി'യുടെ ഐഡന്റിറ്റി നഷ്ടപ്പെടുത്തുന്ന സർക്കാർ ഉത്തരവ് പിൻവലിക്കണം. ലോട്ടറി വരുമാനത്തിൽ വർദ്ധനവുണ്ടാക്കാനും പാർപ്പിടനയം നടപ്പാക്കാനും ഹഡ്കോയിൽനിന്ന് വായ്പ വീണ്ടെടുത്ത് ഹൗസിംഗ് ബോർഡിനെ കടക്കെണിയിൽനിന്നും മോചിപ്പിക്കാനും സർക്കാരിന് കഴിഞ്ഞു. ഇ-ഗവേർണൻസ്, ഇ-ഓഫീസ് എന്നിവ നടപ്പിലാക്കുന്നതിനും ഡിജിറ്റൽ സിഗ്നേച്ചർവഴി അയ്യായിരത്തിൽപരം ഫയലുകൾ തീർപ്പാക്കുന്നതിനും സാധിച്ചു. ട്രഷറിയിൽ ഓൺലൈൻ ട്രാൻസാക്ഷൻ സംവിധാനം ഏർപ്പെടുത്താൻ കഴിഞ്ഞു. ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ എണ്ണം വർദ്ധിപ്പിച്ചതും പെൻഷൻ കുടിശ്ശിക പൂർണ്ണമായും കൊടുത്ത് തീർക്കാനായതും കർഷക തൊഴിലാളി പെൻഷൻ ഇരട്ടിയായി വർദ്ധിപ്പിക്കാൻ സാധിച്ചതും സ്റ്റാമ്പ് ഡ്യൂട്ടി കുറയ്ക്കാനായതും സർക്കാരിന്റെ നേട്ടങ്ങളാണ്.

**അറിയിപ്പ്**

മി. സ്പീക്കർ: സിയാച്ചിനിലെ മഞ്ഞിടിച്ചിലിൽ കുടുങ്ങി ആറാം ദിവസം ജീവനോടെ കണ്ടെത്തിയ ഹനുമന്തപ്പ അന്തരിച്ച വിവരം വ്യസന സമേതം

അറിയിക്കുന്നു. അദ്ദേഹത്തോടൊപ്പം മഞ്ഞിടിച്ചിലിൽ മരണപ്പെട്ട മലയാളി ജവാൻ ഉൾപ്പെടെയുള്ള മഹത് വ്യക്തികൾക്ക് ആദരാഞ്ജലി അർപ്പിക്കാം.

(അന്തരിച്ച ജവാന്മാരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. കൊച്ചി മെട്രോ, സ്മാർട്ട് സിറ്റി, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം തുടങ്ങി സംസ്ഥാനത്തിന്റെ വികസന രംഗത്ത് വൻ മുന്നേറ്റമുണ്ടാക്കുന്ന പദ്ധതികൾക്ക് രൂപം നൽകാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പുതുതായി മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള സർക്കാരിന്റെ തീരുമാനം ശ്ലാഘനീയമാണ്. ബൈപ്പാസുകൾ ഉൾപ്പെടെ റോഡുകളും പാലങ്ങളും പുതുതായി നിർമ്മിക്കാനായതും യുവ സംരംഭകർക്കായി ഐ.റ്റി. സംരംഭങ്ങൾ ആരംഭിക്കാനായതും സർക്കാരിന്റെ നേട്ടങ്ങളാണ്. ഇൻഡ്യയിലെ ആദ്യ ഡിജിറ്റൽ സംസ്ഥാനമായി കേരളം മാറിയത് അഭിമാനകരമാണ്. ഭൂരഹിത കേരളം പദ്ധതി നടപ്പാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കാരുണ്യ, കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതികൾ നടപ്പാക്കിയതിലൂടെ അനേകമാളുകൾക്ക് സഹായമെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതുൾപ്പെടെ കാർഷിക രംഗത്ത് വൻ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചു. വിവിധ ക്ഷേമപെൻഷൻ തുകകൾ വർദ്ധിപ്പിച്ചതും

സർക്കാർ ജീവനക്കാർക്ക് ശമ്പളപരിഷ്കരണം നടപ്പാക്കിയതും പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കായി സഹായ പദ്ധതികൾ രൂപീകരിച്ചതും പ്രശംസനീയമാണ്.

ശ്രീ. ജോസഫ് വാഴയ്ക്കൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കൊച്ചി മെട്രോ, സ്മാർട്ട്സിറ്റി, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം തുടങ്ങിയ പദ്ധതികൾ നടപ്പാക്കാനായത് സ്വാഗതാർഹമാണ്. ജില്ലകൾതോറും പുതിയ മെഡിക്കൽ കോളേജുകളും മണ്ഡലാടിസ്ഥാനത്തിൽ സർക്കാർ കോളേജുകളും പഞ്ചായത്തുകളിൽ പ്ലസ് ടു സ്കൂളുകളും ആരംഭിക്കാനുള്ള സർക്കാരിന്റെ തീരുമാനം പ്രശംസനീയമാണ്. ഒരു രൂപയ്ക്ക് അരി, കാരുണ്യ ചികിത്സാ ധനസഹായ പദ്ധതി, ഭവന നിർമ്മാണ പദ്ധതി എന്നിവ നടപ്പാക്കിയത് സർക്കാരിന്റെ നേട്ടങ്ങളാണ്. സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി കേരളത്തെ മാറ്റാനായതും സർക്കാർ സ്കൂളുകൾക്ക് പുതിയ കെട്ടിടം, ലോകോത്തര നിലവാരമുള്ള റോഡുകൾ, പാലങ്ങൾ എന്നിവ നിർമ്മിക്കാനായതും എടുത്തുപറയേണ്ട കാര്യങ്ങളാണ്. സ്റ്റാർട്ടപ് വില്ലേജുകൾ ആരംഭിക്കുന്നതോടെ വികസന രംഗത്ത് വൻകുതിച്ചുചാട്ടമാണ് ഉണ്ടായിട്ടുള്ളത്. വിദ്യാഭ്യാസ മേഖല സമാധാനപൂർണ്ണമാക്കാൻ സാധിച്ചു. 'സീറോ ലാന്റ്ലെസ്', 'ശ്രുതിതരംഗം', 'താലോലം', 'സുകൃതം' മുതലായ ജനക്ഷേമ പദ്ധതികൾ

നടപ്പിലാക്കാൻ സർക്കാരിന് കഴിഞ്ഞു. 'ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പ്രോഗ്രാം', 'ഓപ്പറേഷൻ കുബേര', 'വിജിലന്റ് കേരള', 'സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമങ്ങൾ' എന്നിവ വിജയകരമാക്കാൻ കഴിഞ്ഞു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. മനുഷ്യ വിഭവശേഷിയെ ക്രിയാത്മകമായി വിനിയോഗിക്കാൻ ദീർഘ വീക്ഷണത്തോടുകൂടി പ്രവർത്തിച്ച സർക്കാരാണിത്. ബാറുകൾ അടച്ചുപൂട്ടാൻ സാധിച്ചത് സർക്കാരിന്റെ വലിയ നേട്ടമാണ്. 'ഓപ്പറേഷൻ കുബേര' പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാനും കാരുണ്യ പ്രവർത്തനരംഗത്ത് അത്ഭുതകരമായ മാറ്റങ്ങളുണ്ടാക്കാനും അരലക്ഷം ചെറുകിട വ്യവസായ യൂണിറ്റുകളുണ്ടാക്കാനും 405 സ്റ്റാർട്ട് അപ് വില്ലേജുകൾ യാഥാർത്ഥ്യമാക്കാനും നിരവധി പുതിയ സംരംഭങ്ങൾക്ക് രൂപം നൽകാനും സർക്കാരിന് സാധിച്ചു. ന്യൂനപക്ഷ ജനവിഭാഗത്തിനുവേണ്ടി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച പദ്ധതികൾ നടപ്പാക്കുന്നതിൽ ഒന്നാം സ്ഥാനത്ത് എത്താൻ കേരളത്തിന് കഴിഞ്ഞു. കേരളത്തിലെ പ്രവാസി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചത് അഭിനന്ദനാർഹമാണ്.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കഴിഞ്ഞ അഞ്ചുവർഷക്കാലം അവസരങ്ങളുടെ സുവർണ്ണ കാലഘട്ടമാണെന്ന ഗവർണ്ണറുടെ പ്രഖ്യാപനം വലിയ അംഗീകാരമാണ്. കൊച്ചി മെട്രോ റെയിൽ പദ്ധതി, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം, വിഴിഞ്ഞം പദ്ധതി, സ്റ്റാർട്ട് അപ്പ് വില്ലേജുകൾ തുടങ്ങിയ പദ്ധതികൾ സാക്ഷാത്ക്കരണഘട്ടത്തിലാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം, കാരുണ്യ ബെനവലന്റ് ഫണ്ട്, കോക്ലിയാർ ഇംപ്ലാന്റേഷൻ തുടങ്ങിയ പദ്ധതികൾ പാവപ്പെട്ട രോഗികൾക്ക് സഹായകരമായിട്ടുണ്ട്.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച എല്ലാ അംഗങ്ങളെയും അഭിനന്ദിക്കുന്നതോടൊപ്പം അവരുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്നു. കാരുണ്യ പദ്ധതിയുടെ ഐഡന്റിറ്റി ഒരു കാരണവശാലും നഷ്ടപ്പെടുകയില്ല. വികസനവും കരുതലുമെന്ന ലക്ഷ്യത്തോടെ സർക്കാരിന് പ്രവർത്തിക്കാൻ കഴിഞ്ഞുവെന്നത് വലിയ നേട്ടമാണ്. സമൂഹത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് സഹായമെത്തിക്കാൻ കഴിഞ്ഞുവെന്നത്

ചാരിതാർത്ഥ്യം നൽകുന്നു. പലവിധ കാരണങ്ങളാൽ വിദേശ രാജ്യങ്ങളിൽ അകപ്പെട്ട മലയാളികളെ വേഗം നാട്ടിലെത്തിക്കാൻ സർക്കാരിന് കഴിഞ്ഞു. കുടുംബശ്രീയുടെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയ ആശ്രയ പദ്ധതി വൻ വിജയമാണ്. 32 ലക്ഷം പേർക്ക് ക്ഷേമപെൻഷനുകൾ നൽകാൻ സാധിച്ചിട്ടുണ്ട്. കേരളത്തിലെ സ്പെഷ്യൽ സ്കൂളുകളെ ഘട്ടം ഘട്ടമായി എയ്ഡഡ് ആക്കി മാറ്റാൻ തീരുമാനിച്ചു. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്തെ ഇന്റർനാഷണൽ ഹബ്ബായി മാറ്റാൻ സാധിച്ചു. കാരുണ്യലോട്ടറിയിലൂടെ 1200 കോടി രൂപ നൽകുകയും വികസനവും കരുതലും എന്ന ലക്ഷ്യം കൈവരിക്കാൻ പൂർണ്ണ പിന്തുണ നൽകുകയും ചെയ്ത ശ്രീ. കെ. എം. മാണിയെ ഈ അവസരത്തിൽ അഭിനന്ദിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച നന്ദിപ്രമേയം സഭ അംഗീകരിച്ചു.

സഭ ഉച്ചയ്ക്കുശേഷം 2.22-ന് പിരിഞ്ഞു.

********